**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കോഴിക്കോട് ജില്ല പെരുവയൽ ഗ്രാമപഞ്ചായത്ത് - ശ്രീ. കെ.ഗണേശന്റെ ഉടമസ്ഥതയിലുള്ള വാസഗൃഹ നിർമ്മാണത്തിന് നൽകിയ പെർമിറ്റ് കൈമാറ്റം ചെയ്യുന്നതിനുള്ള നിബന്ധനയിൽ ഇളവ് അനുവദിച്ചുകൊണ്ട് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്**

**സ.ഉ.(സാധാ).നം.2759/2017/തസ്വഭവ തിരുവനന്തപുരം,തീയതി 08/08/2017.**

---

പരാമർശം:- 1) 27.10.12 ലെ 61519/RA1/11/LSGD നമ്പർ സർക്കുലർ.

2) ശ്രീ. കെ. ഗണേശൻ 13.6.17 ൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ.

3) പെരുവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 22.6.2017 ൽ മുഖ്യനഗരാസൂത്രകനയച്ച A4-5547/17 നമ്പർ കത്ത്.

4) മുഖ്യനഗരാസൂത്രകന്റെ 01.07.17 ലെ ഡി1/7362/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ല പെരുവയൽ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട സ്ഥലത്ത് വാസഗൃഹ നിർമ്മാണത്തിനായി, 10 വർഷത്തേക്ക് കൈമാറ്റം ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥയോടെ അനുമതി ലഭിച്ച കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയാത്ത നിലയിലാണെന്നും ബാങ്കിൽ നിന്നും റിക്കവറി അടക്കമുള്ള അറിയിപ്പ് ലഭിച്ചിരിക്കുകയാണെന്നും ആയതിനാൽ പെർമിറ്റ് കൈമാറ്റം ചെയ്യുന്നതിനുള്ള നിബന്ധനയിൽ ഇളവനുവദിച്ച് നൽകണമെന്നുമാവശ്യപ്പെട്ട് ശ്രീ കെ. ഗണേശൻ പരാമർശം (2) പ്രകാരം സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നു.

2) കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ കുറ്റിക്കാട്ടൂർ വില്ലേജിൽ റീസർവേ നമ്പർ 82/6 ൽ ഉൾപ്പെട്ട സ്ഥലം കൈവശരേഖയിൽ തരം നിലം എന്ന് കാണിച്ചിരുന്നതിനാൽ, വില്ലേജ് ആഫീസർ, കൃഷി ആഫീസർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങുന്ന കമ്മിറ്റിയിൽ ആയത് പരിഗണനയ്ക്ക് വെയ്ക്കുകയും പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിന് വേണ്ട നിബന്ധനകൾ എല്ലാം പാലിക്കുന്നതിനാൽ മേൽ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകാൻ കമ്മിറ്റി ശുപാർശ ചെയ്യുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് വീട് നിർമ്മിക്കുവാൻ ശ്രീ.കെ.ഗണേശന് അനുമതി നൽകിയിരുന്നെങ്കിലും, പരാമർശം (1) ലെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയുള്ള സ്ഥലത്ത് നിർമ്മിക്കുന്ന വീട്ടുകൾ 10 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ അപേക്ഷകന്റെ അനുമതി പത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും പരാമർശം 3 പ്രകാരം പെരുവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സ്ഥലപരിശോധനയിൽ ടി സ്ഥലം 20 വർഷത്തിനു മുമ്പേ നികത്തപ്പെട്ടതാണെന്നും കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ലെന്നും ഇപ്പോൾ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നില്ലെന്നും

പരാതികക്ഷിയുടെ പേരിൽ മറ്റ് സ്ഥലങ്ങൾ ഉള്ളതായി കാണുന്നില്ലെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബമായതിനാൽ 10 വർഷത്തേക്ക് പെർമിറ്റ് കൈമാറ്റം ചെയ്യാൻ പാടില്ല എന്ന നിബന്ധനയിൽ ഇളവ് നൽകാവുന്നതാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശുപാർശ ചെയ്തിട്ടുണ്ട്.

3) എന്നാൽ നിലം നികത്തു ഭൂമിയിൽ കെട്ടിട നിർമ്മാണം സാധാരണ ഗതിയിൽ അനുവദനീയമല്ലെന്നും അപേക്ഷകന്റെ പ്രത്യേക സാഹചര്യം പരിഗണിച്ചാണ് അനുമതി നൽകിയതെന്നും മുഖ്യനഗരാസൂത്രകൻ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലം നികത്തു ഭൂമിയിൽ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നത് പ്രാദേശികതല കമ്മിറ്റി പരിശോധന നടത്തി വർഷങ്ങൾക്കു മുമ്പ് നികത്തപ്പെട്ട ഭൂമിയാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്. അപേക്ഷകനായ ഗണേശന് നൽകപ്പെട്ട പെർമിറ്റ് പ്രകാരം അയാൾ കെട്ടിട നിർമ്മാണം ആരംഭിച്ച് പാതിവഴിയിൽ നിൽക്കുകയാണ്. വമ്പിച്ച കടബാദ്ധ്യതയുള്ളതിനാൽ വീട് നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത ഭൂമി മറ്റാരെങ്കിലും വാങ്ങണമെങ്കിൽ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിന് പുതുതായി സ്ഥലം വാങ്ങുന്ന വ്യക്തിക്ക് സാധിക്കണം. ആയതിനാൽ പെർമിറ്റ് കൈമാറ്റം ചെയ്യാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്യുന്നതിൽ യുക്തിയില്ല.

5) പ്രസ്തുത സാഹചര്യത്തിൽ പെരുവയൽ ഗ്രാമപഞ്ചായത്ത് കുറ്റിക്കാട്ടൂർ വില്ലേജിൽ 82/6 റീ സർവ്വേയിൽപ്പെട്ട സ്ഥലം ശ്രീ. കെ. ഗണേശന് നൽകിയ പെർമിറ്റിൽ പറയുന്ന 10 വർഷത്തേയ്ക്ക് സ്ഥലം കൈമാറ്റം ചെയ്യാൻ പാടില്ല എന്ന നിബന്ധനയിൽ ഇളവ് വരുത്തി , മേൽ സ്ഥലം കൈമാറ്റം ചെയ്യുന്നതിന്, പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ കെട്ടിടനിർമ്മാണ ചട്ടങ്ങളനുസരിച്ച് നൽകപ്പെട്ട പെർമിറ്റ് ട്രാൻസ്ഫർ ചെയ്യുന്നതിന് നിലവിലുള്ള വ്യവസ്ഥ ഇക്കാര്യത്തിലും ബാധകമാക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സ്റ്റെല്ലാ ലിറ്റിൽ ഫ്ളവർ എം. കെ.**
**ജോയിന്റ് സെക്രട്ടറി**

ശ്രീ. കെ. ഗണേശൻ, കിഴവനന്തഴത്ത്, ചേവായൂർ പി.ഒ., കോഴിക്കോട്
മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
സെക്രട്ടറി, പെരുവയൽ ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ. I&PRD
കരുതൽ ഫയൽ/ ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ